REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 21-12-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്ര മോദി രണ്ടുദിവസത്തെ സന്ദർശനത്തിന് കുവൈറ്റിലേക്ക് പുറപ്പെട്ടു.**
- **കേന്ദ്ര ഗവൺമെന്റും ADBയും 350 ദശലക്ഷം ഡോളറിന്റെ പോളിസി അധിഷ്ഠിത വായ്പ കരാറിൽ ഒപ്പുവച്ചു.**
- **ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന സാഹിത്യകാരൻ എം ടി വാസുദേവൻ നായരുടെ ആരോഗ്യനിലയിൽ നേരിയ പുരോഗതി.**
- **രാജ്യത്ത് മലേറിയ കേസുകളും അനുബന്ധ മരണനിരക്കും കുറയ്ക്കുന്നതിൽ ഇന്ത്യ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചതായി ലോകാരോഗ്യ സംഘടന.**
- **സന്തോഷ് ട്രോഫി ഫുട്ബോളിൽ ജമ്മു കാശ്മീർ ഏകപക്ഷീയമായ മൂന്ന് ഗോളുകൾക്ക് തെലുങ്കാനയെ തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദി രണ്ടുദിവസത്തെ സന്ദർശനത്തിന് കുവൈറ്റിലേക്ക് പുറപ്പെട്ടു. കുവൈറ്റ് അമിർ ഷെയ്ക്ക് മിഷാൽ അൽ-അഹമ്മദ് അൽ-ജാബർ അൽ-സബാഹിന്റെ ക്ഷണപ്രകാരമാണ് സന്ദർശനം.

കുവൈത്തുമായി തലമുറകളായി പരിപോഷിപ്പിക്കപ്പെടുന്ന ഇന്ത്യയുടെ ചരിത്രപരമായ ബന്ധം ഏറെ വിലമതിക്കുന്നതായി പ്രധാനമന്ത്രി യാത്ര തിരിക്കും മുമ്പ് പറഞ്ഞു. ഇരു രാജ്യങ്ങളും തമ്മിൽ വ്യാപാര, ഊർജ മേഖലയിൽ പങ്കാളികൾ മാത്രമല്ല സമാധാനം, സുരക്ഷ, സ്ഥിരത, സമൃദ്ധി

എന്നിവയിൽ താൽപര്യം പങ്ക് വെച്ചിട്ടുണ്ടെന്നും നരേന്ദ്രമോദി വ്യക്തമാക്കി. ഇരു രാജ്യങ്ങളും തമ്മിലെ ബന്ധം ധൃഡപ്പെടുത്തുന്നതിൽ നിർണായക പങ്ക് വഹിക്കുന്ന കുവൈറ്റിലെ ഇന്ത്യൻ പ്രവാസികളെ കാണുന്നതിന് ആകാംഷയോടെ കാത്തിരിക്കുകയാണെന്നും പ്രധാനമന്ത്രി അറിയിച്ചു.

കഴിഞ്ഞ 43 വർഷത്തിനിടയിൽ ആദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി കുവൈറ്റ് സന്ദർശിക്കുന്നത്. ഇന്ന് കുവൈറ്റിലെ ഇന്ത്യൻ വംശജരുമായി സംവദിക്കുന്ന പ്രധാനമന്ത്രി, അവിടുത്തെ തൊഴിലാളി ക്യാമ്പ് സന്ദർശിക്കും. കുവൈറ്റ് ഭരണാധികാരിയുടെ പ്രത്യേക ക്ഷണിതാവായി 26-ാമത് അറേബ്യൻ ഗൾഫ് കപ്പിന്റെ ഉദ്ഘാടന ചടങ്ങിലും പ്രധാനമന്ത്രി പങ്കെടുക്കും.

നാളെ കുവൈറ്റിലെ ബയാൻ കൊട്ടാരത്തിൽ പ്രധാനമന്ത്രിയെ ആചാരപരമായ ഗാർഡ് ഓഫ് ഓണർ നൽകി സ്വീകരിക്കും. കുവൈറ്റ് അമീറുമായും കിരീടാവകാശിയുമായും വെവ്വേറെ ചർച്ചകളിൽ പങ്കെടുക്കുന്ന നരേന്ദ്രമോദി കുവൈറ്റ് പ്രധാനമന്ത്രിയുമായി പ്രതിനിധി തല ചർച്ചയും നടത്തും.

✪✪✪

ഒരു ദിവസത്തെ ഹരിയാന സന്ദർശനത്തിന് ഉപരാഷ്ട്രപതി ജഗദീപ് ധൻഖർ ചണ്ഡിഗഡിലെത്തി. പഞ്ചാബ് യൂണിവേഴ്സിറ്റിയിലെ അഞ്ചാമത് ഗ്ലോബൽ അലുമിനി മീറ്റ് അദ്ദേഹം ഉദ്ഘാടനം ചെയ്യും.

✪✪✪

കേന്ദ്ര ഗവൺമെന്റും ADBയും 350 ദശലക്ഷം ഡോളറിന്റെ പോളിസി അധിഷ്ഠിത വായ്പ കരാറിൽ ഒപ്പുവച്ചു. കരാർ രാജ്യത്തെ ലോജിസ്റ്റിക് മേഖലയിൽ വിപുലമായ പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിന് ഗവൺമെന്റിന് പിന്തുണ നൽകും.

ഉൽപ്പാദന മേഖലയുടെ മത്സരക്ഷമത വർദ്ധിപ്പിക്കുന്നതിന് ഇന്ത്യയുടെ ലോജിസ്റ്റിക് മേഖലയുടെ വികസനം അത്യന്താപേക്ഷിതമാണെന്ന് വാണിജ്യ വ്യവസായ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

✪✪✪

ശ്വാസകോശ സംബന്ധമായ അസുഖത്തെ തുടർന്ന് കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന സാഹിത്യകാരൻ എം ടി വാസുദേവൻ നായരുടെ ആരോഗ്യനിലയിൽ നേരിയ പുരോഗതിയെന്ന് മെഡിക്കൽ സംഘം അറിയിച്ചു. മരുന്നുകളോട് പ്രതികരിച്ചു തുടങ്ങിയിട്ടുണ്ടെങ്കിലും ഗുരുതരാവസ്ഥയിൽ മാറ്റം വന്നിട്ടില്ലെന്ന് ഡോക്ടർമാർ പറഞ്ഞു.

ശ്വാസ തടസത്തെ തുടർന്ന് ഇക്കഴിഞ്ഞ 15നാണ് എംടിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

✪✪✪

മണ്ഡലപൂജയ്ക്ക് നാലുനാൾ മാത്രം ശേഷിക്കേ ശബരിമല സന്നിധാനത്ത് തീർഥാടകരുടെ തിരക്ക് വർദ്ധിച്ചു. മണിക്കൂറുകൾ കാത്തുനിന്നാണ് ഭക്തർ ദർശനം നടത്തുന്നത്. സന്നിധാനത്ത് ബുധൻ, വ്യാഴം ദിവസങ്ങളിൽ തിരക്ക് നിയന്ത്രിക്കാൻ വെർച്വൽ ക്യൂ ബുക്കിംഗ് കുറച്ചിട്ടുണ്ട്.

അയ്യപ്പ വിഗ്രഹത്തിൽ ചാർത്തുന്ന തങ്ക അങ്കി വഹിച്ചു രഥഘോഷയാത്ര നാളെ രാവിലെ ഏഴിനു ആറന്മുള പാർഥസാരഥി ക്ഷേത്രത്തിൽ നിന്നും പുറപ്പെടും. ബുധനാഴ്ച വൈകിട്ട് തങ്ക അങ്കി ചാർത്തി ദീപാരാധന നടത്തും. 26നു ഉച്ചയ്ക്കാണ് മണ്ഡലപൂജ.

✪✪✪

ഭരണഘടനാ ശിൽപ്പി ഡോ. BR. അംബേദ്കറിനോട് ആദരസൂചകമായി റിപ്പബ്ലിക് ദിനം KPCC യുടെ നേതൃത്വത്തിൽ കേരളത്തിൽ ജയ് ഭീം അംബേദ്കർ ദിനമായി ആചരിക്കുമെന്ന് പ്രസിഡന്റ് K.സുധാകരൻ പറഞ്ഞു.

രാഹുൽഗാന്ധിക്കെതിരേ കെസെടുത്തതിനും ആഭ്യന്തരമന്ത്രി അമിത് ഷായുടെ അംബേദ്കർ വിരുദ്ധ പരാമർശത്തിനെതിരേയും തലശേരി ടൗണിൽ മണ്ഡലം കോൺഗ്രസ് കമ്മിറ്റി സംഘടിപ്പിച്ച പ്രതിഷേധയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

നെയ്യാറ്റിൻകര ചെങ്കൽ എയ്ഡഡ് യു.പി. സ്കൂളിൽ വിദ്യാർത്ഥിക്ക് പാമ്പുകടിയേറ്റ സംഭവം അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ മന്ത്രി V.ശിവൻകുട്ടി പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി. ക്രിസ്മസ് ആഘോഷത്തിനിടെ ഇന്നലെയാണ് ഏഴാം ക്ലാസുകാരിക്ക് ക്ലാസ്മുറിയിൽ പാമ്പുകടിയേറ്റത്.

✪✪✪

ഇന്ന് ലോക ധ്യാന ദിനം. ധ്യാനത്തെക്കുറിച്ചും അതിന്റെ ഗുണങ്ങളെക്കുറിച്ചും അവബോധം വളർത്തുന്നതിനാണ് ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ ഈ വർഷം മുതൽ ഡിസംബർ 21 ലോക ധ്യാന ദിനമായി ആചരിക്കുന്നത്. ആഗോള സമാധാനത്തിനും ഐക്യത്തിനും വേണ്ടി ധ്യാനം എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

നവംബർ 29ന് ഐക്യരാഷ്ട്രസഭ അംഗീകരിച്ച പ്രമേയത്തിന്റെ അടിസ്ഥാനത്തിലാണ് ദിനാചരണം .

✪✪✪

KYC മാനദണ്ഡങ്ങളുടെ വ്യവസ്ഥകൾ പാലിക്കാത്തതിന് മണപ്പുറം ഫിനാൻസിന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ 20 ലക്ഷം രൂപ പിഴ ചുമത്തി. 2023 മാർച്ച് 31 വരെ സാമ്പത്തിക സ്ഥിതിയെ പരാമർശിച്ച് നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനിയായ NBFC പരിശോധന നടത്തി കമ്പനിക്ക് നോട്ടീസ് നൽകിയതായും RBI അറിയിച്ചു. ഉപഭോക്താക്കളുടെ പാൻ വെരിഫിക്കേഷൻ നടത്തുന്നതിൽ കമ്പനി പരാജയപ്പെട്ടുവെന്നും ചില ഉപഭോക്താക്കൾക്ക് ഒന്നിലധികം ഐഡന്റിഫിക്കേഷൻ കോഡുകൾ അനുവദിച്ചതായും RBI പറഞ്ഞു.

✪✪✪

പ്രസിഡന്റ്സ് ട്രോഫി വള്ളംകളി ഉച്ചയ്ക്കുശേഷം കൊല്ലം അഷ്ടമുടിക്കായലിൽ നടത്തും. മന്ത്രി J. ചിഞ്ചുറാണി ഉദ്ഘാടനം ചെയ്യും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി നീരജ് ലാൽ.

.......വോയ്സ്.......

ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ ഫൈനൽ എന്ന് വിശേഷിപ്പിക്കാവുന്ന പ്രസിഡന്റ്സ് ട്രോഫി ജലോത്സവത്തിൽ 9 ചുണ്ടൻവള്ളങ്ങൾ മത്സരിക്കും. കൂടാതെ മറ്റുവിഭാഗങ്ങളിലായി 10 ചെറുവള്ളങ്ങളും മത്സരരംഗത്തുണ്ട്. തേവള്ളി കൊട്ടാരത്തിന് സമീപമുള്ള സ്റ്റാർട്ടിങ് പോയിന്റ് മുതൽ കെഎസ്ആർടിസി ബസ്റ്റാൻഡിന് സമീപം വരെ 1100 മീറ്ററാണ് ട്രാക്കിന്റെ ദൈർഘ്യം. 12 മത്സരങ്ങൾ നടന്നിരുന്ന ചാമ്പ്യൻസ് ബോട്ട് ലീഗിൽ ഇത്തവണ വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ 6 മത്സരങ്ങളാണ് നടത്തുന്നത്. കഴിഞ്ഞ 5 മത്സരങ്ങളിലായി 49 പോയിന്റ് നേടിയ കാരിച്ചാൽ ചുണ്ടൻ ആണ് പോയിന്റ് നിലയിൽ ഒന്നാമത്,  47 പോയിന്റുമായി വീയപുരം ചുണ്ടനാണ് തൊട്ടു പിന്നിൽ. ഒന്നാം സ്ഥാനം നേടുന്ന ചുണ്ടൻ വള്ളത്തിന് 25 ലക്ഷം രൂപയും, രണ്ടാം സ്ഥാനക്കാർക്ക് 15 ലക്ഷം രൂപയും, മൂന്നാം സ്ഥാനക്കാർക്ക് 10 ലക്ഷം രൂപയും സമ്മാനം ലഭിക്കും. ഒന്നാമതെത്താനുള്ള ചുണ്ടൻവള്ളങ്ങളുടെ കുതിപ്പ് അഷ്ടമുടിയുടെ ഓളപ്പരപ്പിലും കാണികളിലും ആവേശം നിറയ്ക്കും

✪✪✪

രാജ്യത്ത് മലേറിയ കേസുകളും അനുബന്ധ മരണനിരക്കും കുറയ്ക്കുന്നതിൽ ഇന്ത്യ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചതായി ലോകാരോഗ്യ സംഘടന അറിയിച്ചു. മലേറിയ ഫലപ്രദമായി കുറയ്ക്കുന്നതിൽ സ്ത്രീകൾ ഉൾപ്പെടെ

ഇന്ത്യയിലെ കമ്മ്യൂണിറ്റി ഹെൽത്ത് പ്രവർത്തകരുടെ സംഭാവനകളെ ലോകാരോഗ്യ സംഘടന പ്രശംസിച്ചു.

WHO റിപ്പോർട്ടനുസരിച്ച് കഴിഞ്ഞ വർഷം ഇന്ത്യയിൽ മലേറിയ കേസുകളുടെ എണ്ണം 20 ലക്ഷമായി കുറഞ്ഞു. 2017 ൽ ഇത് 6.4 ദശലക്ഷമായിരുന്നു. ഈ കാലയളവിൽ മരണ നിരക്കും ഗണ്യമായി കുറഞ്ഞു. 11,100 ൽ നിന്ന് 3,500 ആയി കുറഞ്ഞു.

✪✪✪

ക്രിസ്തുമസ് - പുതുവർഷം പ്രമാണിച്ച് സംസ്ഥാനത്താകെ പ്രത്യേക ചന്തകൾക്ക് ഇന്ന് തുടക്കം. സപ്ലൈകോയുടെ ആയിരത്തി എഴുന്നൂറോളം ഔട്ട്ലെറ്റുകളും പ്രത്യേക ചന്തകളും മാർക്കറ്റിലെ വിലവർധന പരമാവധി പിടിച്ചു നിർത്തുന്നുണ്ടെന്ന് മന്ത്രി G.R അനിൽ പറഞ്ഞു.

✪✪✪

ലക്ഷദ്വിപ് അഡ്മിനിസ്ട്രേറ്റർ പ്രഫുൽ പട്ടേലിന്റെ ദ്വീപ്തല സന്ദർശനം പുരോഗമിക്കുന്നു. അഗത്തി ദ്വീപിൽ എയർഫോഴ്സ് സെന്റർ, സിറ്റി സെന്റർ, ടൂറിസം ഡെവലപ്മെന്റ് ഏരിയ എന്നിവയ്ക്കായി എയർപോർട്ട് വിപുലീകരണ നിർദ്ദിഷ്ട ഭൂമി അദ്ദേഹം സന്ദർശിച്ചു.

ലക്ഷദ്വീപിന്റെ വൈവിധ്യവും ഊർജ്ജസ്വലവുമായ വികസനം ഉറപ്പ് വരുത്തലാണ് കേന്ദ്രഗവൺമെന്റിന്റെ മുൻഗണനയെന്ന് പ്രഫുൽ പട്ടേൽ സമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

✪✪✪

കേന്ദ്രവാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിൽ കണ്ണൂർ, ലക്ഷദ്വീപ്, കവരത്തി സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ ഫീൽഡ് ഓഫീസുകൾ സംയുക്തമായി അമിനി ദ്വീപിൽ ശുചീകരണപരിപാടികൾ സംഘടപ്പിച്ചു. വില്ലേജ് ദ്വീപ് പഞ്ചായത്തും, വനിതാ - ശിശു വികസന വകുപ്പുമായി സഹകരിച്ചാണ് ശുചീകരണ യജ്ഞം. ദ്വീപ് പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസർ അബ്ദുൾ ഹമീദ് ഉദ്ഘാടനം ചെയ്തു. CBC കണ്ണൂർ അസി. ഡയരക്ടർ ബിജു K. മാത്യു, ടെക്നിക്കൽ അസിസ്റ്റന്റ് ഡോ. MA ജലീൽ, KS ബാബുരാജൻ എന്നിവർ നേതൃത്വം നൽകി. പരിപാടി നാളെ സമാപിക്കും.

✪✪✪

കാഞ്ഞിരപ്പള്ളിയിൽ സ്വത്ത് തർക്കത്തെ തുടർന്ന് സഹോദരനെയും മാതൃസഹോദരനെയും വെടിവെച്ച് കൊന്ന കേസിൽ പ്രതിക്ക് ഇരട്ട ജീവപര്യന്തം ശിക്ഷ വിധിച്ചു.

കാഞ്ഞിരപ്പള്ളി കരിമ്പനാൽ വീട്ടിൽ ജോർജ് കുര്യനെയാണ് കോട്ടയം അഡീഷണൽ സെഷൻസ് കോടതി ജഡ്ജ് ഇരട്ട ജീവപര്യന്തത്തിന് ശിക്ഷിച്ചത്.

2022 മാർച്ച് ഏഴിനായിരുന്നു കേസിനാസ്പദമായ സംഭവം.

✪✪✪

ക്രിസ്തുമസ് പുതുവത്സര ആഘോഷങ്ങൾക്കായി മൂന്നാറിലേക്കെത്തുന്ന വിനോദ സഞ്ചാരികളെ ആകർഷിക്കാൻ മൂന്നാർ ബൊട്ടാണിക്കൽ ഗാർഡനൊരുങ്ങി. ഇന്നു മുതൽ പത്ത് ദിവസത്തെ വിന്റർ മ്യൂസിക്കൽ നൈറ്റ്സാണ് ഇത്തവണ ബൊട്ടാണിക്കൽ ഗാർഡനിൽ സഞ്ചാരികൾക്കായി ഒരുക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണൻ.

.........വോയ്സ്.......

മൂന്നാർ - ദേവികുളം റോഡിൽ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ കീഴിലുള്ള ബൊട്ടാണിക്കൽ ഗാർഡനിൽ വിദേശയിനത്തിൽപെട്ട അസീലിയ ഉൾപ്പെടെ മൂവായിരത്തിലധികം തരത്തിലുള്ള പൂക്കളും ചെടികളും ക്രമീകരിച്ചിട്ടുണ്ട്. ശൈത്യകാലം ആരംഭിച്ചതോടെ ഗാർഡനിലെ ചെടികളെല്ലാം പൂത്തുലഞ്ഞു നിൽക്കുകയാണ്. ഓർക്കിഡ് ഗാർഡൻ, കള്ളിമുൾച്ചെടികളുടെ ശേഖരം എന്നിവയും ഗാർഡനിലുണ്ട്. മ്യൂസിക്കൽ നൈറ്റ്സിന്റെ ഭാഗമായി എല്ലാ ദിവസവും വൈകിട്ട് പൂന്തോട്ടത്തിൽ മ്യൂസിക്കൽ ഫൗണ്ടനും പ്രത്യേക വൈദ്യുതാലങ്കാരങ്ങളും ഉണ്ടായിരിക്കും. ഇതോടൊപ്പം വിവിധ കലാപരിപാടികളും അരങ്ങേറും. കുട്ടികൾക്കുള്ള കളിസ്ഥലങ്ങൾ, വാച്ച് ടവർ, ഗ്ലാസ് ഹൗസ്, ഭക്ഷണശാല, മഴമറ പൂന്തോട്ടം, ശുചിമുറികൾ, സെൽഫി പോയിന്റ്, ആന, ജിറാഫ്, കാട്ടുപോത്ത്, ദിനോസർ എന്നിവയുടെ ശിൽപങ്ങൾ, നടപ്പാതകൾ, റെയ്ൻ ഷെൽറ്ററുകൾ, വിശ്രമകേന്ദ്രങ്ങൾ എന്നിവയും ഗാർഡനിലുണ്ട്. മുതിർന്നവർക്ക് 100 രൂപയും കുട്ടികൾക്ക് 50 രൂപയുമാണ് പ്രവേശനനിരക്ക്. രാവിലെ 9 മുതൽ രാത്രി 9 വരെയാണ് പ്രവേശന സമയം. മ്യൂസിക്കൽ നൈറ്റ്സിന്റെ ഭാഗമായി വരും ദിവസങ്ങളിൽ സഞ്ചാരികളുടെ തിരക്കേറുമെന്നാണ് സംഘാടകരുടെ പ്രതീക്ഷ.

✪✪✪

സന്തോഷ് ട്രോഫി ഫുട്ബോളിൽ രാവിലെ നടന്ന മത്സരത്തിൽ ഏകപക്ഷീയമായ മൂന്ന് ഗോളുകൾക്ക് ജമ്മു കാശ്മീർ തെലുങ്കാനയെ പരാജയപ്പെടുത്തി. ഉച്ചയ്ക്ക് രണ്ടരക്ക് രാജസ്ഥാൻ, സർവീസസിനെയും രാത്രി ഏഴരയ്ക്ക് ബംഗാൾ - മണിപ്പൂരിനെയും നേരിടും.

✪✪✪

ISL ഫുട്ബേളിൽ ഇന്ന് മുംബൈ സിറ്റി ചെന്നെയിൻ FCയെ നേരിടും. വൈകീട്ട് അഞ്ചിന് മുംബൈ സ്പോർട്സ് അറീനയിലാണ് മത്സരം.

മറ്റൊരു മത്സരത്തിൽ വൈകീട്ട് ഏഴരയ്ക്ക്  കൊൽക്കത്ത സാൾട്ട് ലേക്ക് സ്റ്റേഡിയത്തിൽ ഈസ്റ്റ് ബംഗാൾ - ജംഷഡ്പൂരിനെ നേരിടും.

✪✪✪

ഇന്ന് ലോക ബാസ്കറ്റ് ബോൾ ദിനം. ബാസ്കറ്റ്ബോൾ മത്സരങ്ങളുടെ ആഗോള പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിന് കഴിഞ്ഞ വർഷം ഓഗസ്റ്റ് 25നാണ് ഐക്യരാഷ്ട്രസഭ ഡിസംബർ 21 ബാസ്കറ്റ് ബോൾ ദിനമായി പ്രഖ്യാപിച്ചത്.

✪✪✪

അണ്ടർ 19 വനിതാ ടി20 ഏഷ്യാ കപ്പ് ഫൈനലിൽ ഇന്ത്യ നാളെ ബംഗ്ലാദേശുമായി ഏറ്റുമുട്ടും. മലേഷ്യയിലെ ക്വാലാലംപൂരിൽ ഇന്ത്യൻ സമയം രാവിലെ 7 നാണ് മത്സരം.

സൂപ്പർ ഫോറിലെ അവസാനമത്സരത്തിൽ ശ്രീലങ്കയെ നാലു വിക്കറ്റിന് പരാജയപ്പെടുത്തിയാണ് ഇന്ത്യ കലാശ പ്പോരിന് യോഗ്യത നേടിയത്.

✪✪✪